ശ്രീ. എം. എം. മത്തായി : റബ്ബർകൃഷിക്കായി തിരിച്ചുകൊടുത്തിട്ടുള്ള പ്ലാട്ടുകൾ ഉപേക്ഷിച്ചുപോയിരിക്കുന്നവരുടെ ധാരാളം പ്ലാട്ടുകളുണ്ട്. ആ പ്ലാട്ടുകൾ കൃഷിചെയ്യാൻ തയാറുള്ള മറ്റാളുകൾക്ക് കൊടുക്കുമോ?

ശ്രീ. ഇ. പി. പൗലോസ് : അങ്ങനെ റിപ്പോർട്ട് കിട്ടുന്ന മുറയ്ക്ക് തിരിച്ചു കൊടുക്കും. എന്നാൽ ലോണിനുള്ള പ്രയാസവുംകൂടി ആലോചിക്കണം. അവർ വാങ്ങിട്ടുള്ള ലോൺ, പെയ്തിട്ടുള്ള മോഹണ്ടം ഇതെല്ലാം തീരുമാനിക്കാൻ കുറച്ചു കാലതാമസം വരുന്നതാണ്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: തൊടുപുഴയിൽ റബ്ബർകൃഷിക്കായി നീക്കിവച്ചിരുന്ന സ്ഥലത്തു ഒരു തീപിടുത്തം ഉണ്ടായതു ഗവണ്മെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; അതിനു നഷ്ടപരിഹാരം കൊടുക്കാൻ ആലോചിക്കുന്നുണ്ടോ?

ശ്രീ. ഇ. പി. പൗലോസ് : തൊടുപുഴക്കടുത്തു അങ്ങനെ തീപിടുത്തമുണ്ടായിട്ടില്ല. അങ്ങനെ തീപിടുത്തമുണ്ടായിട്ടുള്ളതായി പരാതി വന്നാൽ പ്രത്യേകം അവരുടെ കാര്യത്തിൽ എന്തു ചെയ്യാൻ കഴിയുമെന്നു നോക്കാം. അങ്ങനെ ഒരു കേസ് വന്നിട്ടില്ല.

ശ്രീ. കെ. എം. ജോർജ് : റബ്ബർകൃഷിക്കായി കൊടുത്തിട്ടുള്ള ഭൂമിയിൽ പത്തു സെന്റിൽ കൂടുതൽ പാറയാണെങ്കിൽ അങ്ങനെയുള്ള സ്ഥലത്തിനു പകരം വേറെ സ്ഥലം അഡ്ജസ്റ്റുചെയ്തുകൊടുക്കുമോ; അങ്ങനെ കൊടുക്കാമെന്നു പറഞ്ഞിട്ടുള്ളതാണ്. അതനുസരിച്ചു സ്ഥലം കിട്ടാത്തതായ ആളുകൾ കാളിയാർ പ്രദേശത്തുണ്ട്.

ശ്രീ. ഇ. പി. പൗലോസ് : അതു കുറെ ബുദ്ധിമുട്ടുള്ള കാര്യമാണ്. പാറയൊക്കെ തിട്ടപ്പെടുത്തി സ്ഥലം കൊടുക്കാനൊക്കുകയില്ല. തീരെ മോശമാണെന്നു കണ്ടതിനു വേറെ സ്ഥലം കൊടുത്തിട്ടുണ്ട്.

ശ്രീമതി എ. നഫീസത്തുബീവി : അങ്ങനെ റബ്ബർകൃഷിക്കു പറ്റാത്തതായ സ്ഥലം കിട്ടിയിട്ടുള്ളതിനുപകരം വേറെ സ്ഥലം കൊടുക്കണമെന്നുള്ള അപേക്ഷ ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അങ്ങനെ ആലപ്പുഴയിൽ നിന്നും കുറെ ആളുകൾ പരാതിപ്പെട്ടിട്ടുണ്ട്. അതു ഒന്നു ദയവായി പരിഗണിക്കുമോ?

ശ്രീ. ഇ. പി. പൗലോസ് : അതു മൂക്കന്നിമലയിൽ കൊടുത്തിട്ടുള്ള സ്ഥലങ്ങളാണ്. അതു വളരെ മോശമാണെന്നും, അവിടെ വെള്ളത്തിന്റെ ക്ഷാമംമൂലവും മറ്റും റബ്ബർ ഉണങ്ങി നഷ്ടപ്പെടുകയാണെന്നും പറയുന്നു. പക്ഷേ ഈ ലാന്റു എല്ലാം കൊടുത്തുകഴിഞ്ഞു അവർ പോയി ആ സ്ഥലത്തു കൃഷിയും ചെയ്തു. ഇനി എന്തുചെയ്യാൻ കഴിയുമെന്നാലോചിച്ചുകൊണ്ടിരിക്കുകയാണ്. അവർക്കു എന്തെങ്കിലും ആശ്വാസം നൽകുവാൻ കഴിയുമോ എന്നുള്ളകാര്യം ഗവണ്മെന്റു ആലോചിക്കാം.

കോഴിക്കോട്ട് വിമാനത്താവളം

* 737. [13] ശ്രീ. എം. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട്ട് വിമാനത്താവളം നിർമ്മിക്കുന്നതിനു അവസാന തീരുമാനം എടുത്തതായി ഈ ഗവണ്മെന്റിനു വിവരം ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ സ്ഥലം എവിടെയാണ്;

(സി) വിമാനത്താവളം സംബന്ധിച്ച് എന്തെങ്കിലും നടപടികൾ ആരംഭിച്ചിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. പി. പി. ഉമ്മർകോയ):

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല,

(സി) വിമാനത്താവളത്തിനു വേണ്ട സ്ഥലം വീണ്ടും പരിശോധിക്കുന്നതിനായി സിവിൽ ഏവിയേഷൻ ഡിപ്പാർട്ടുമെന്റു് ഒരു ആഫീസറെ കോഴിക്കോട്ടു അയക്കുവാൻ തീരുമാനിച്ചതായി വിവരം ലഭിച്ചിട്ടുണ്ടു്.

ശ്രീ. എം. നാരായണക്കുറുപ്പു്: ഈ വിമാനത്താവളം നിർമ്മിക്കുന്നതിനെ സംബന്ധിച്ചു് എത്രയെത്ര അന്വേഷണങ്ങളാണു നടന്നു എന്നും ഇന്നു അതിന്റെ യഥാർത്ഥനില എന്താണെന്നും വ്യക്തമാക്കാൻ ദയവുണ്ടാകുമോ?

ശ്രീ. പി. പി. ഉമ്മർകോയ: പ്രധാനമായി മൂന്നു സ്ഥലങ്ങളാണു കേന്ദ്ര ഗവണ്മെൻറിന്റെ സിവിൽ ഏവിയേഷൻ ഡിപ്പാർട്ടുമെൻറുകാർ പരിശോധന നടത്തിയതു്. ഒന്നു്, ഗ്വാളിയർ റയൺസു കമ്പനിക്കാരുടെ വിമാനത്താവളം സ്ഥിതിചെയ്യുന്ന ചേളാരി എന്ന സ്ഥലമാണു്. രണ്ടു്, കോഴിക്കോട്ടിനടുത്തുള്ള പെരുവണ്ണൂർ. വേറെ ഒന്നു്, കൊയിലാണ്ടിക്കു് സമീപമുള്ള പറമ്പുങ്ങോടു് മല. ഇങ്ങനെ മൂന്നു സ്ഥലങ്ങളാണു അവർ സർവ്വെ ചെയ്തകയുണ്ടായി. അങ്ങനെ സർവ്വെ ചെയ്തതിൽ ചേളാരി എന്ന സ്ഥലം മാവിയിൽ വികസിപ്പിക്കത്തക്ക നിലയിലുള്ള സാഹചര്യം ഇല്ലാത്ത സ്ഥലമാണു്. അതുകൊണ്ടു് ആ സ്ഥലം എടുക്കുന്നതിനു അവർ ഇഷ്ടപ്പെട്ടില്ല. പിന്നെ പെരുവണ്ണൂരിൽ വേണ്ടത്ര സ്ഥലം എടുക്കാനുണ്ടു്. അതു പറ്റിയ സ്ഥലമാണു്. എന്നാൽ അവിടെയുള്ള സ്ഥലം അധികവും തെങ്ങുകൃഷിയുള്ളതും, കുറെ സ്ഥലം ഡബിൾ ക്രാപ്പ്വെറ്റു ലാൻറു്സുമാണു്. അവിടെ എടുക്കുന്ന പക്ഷം വളരെയധികം ചെലവുവരും. കൂടാതെ അവിടെ വളരെ അധികം ആളുകളും താമസിക്കുന്നുണ്ടു്. ഇരുന്നൂറോളം ടെനമെൻറുസു് അവിടെയുണ്ടു്. അവരെ അവിടെനിന്നും മാറ്റേണ്ടതായിവരും. കൂടുതൽ ചെലവു്, ആളുകളെ മാറ്റിത്താമസിപ്പിക്കുന്നതിനുള്ള ബുദ്ധിമുട്ടു് ഇതെല്ലാം പരിഗണിച്ചു് കൂടുതൽ സൗകര്യമുള്ള സ്ഥലം കോഴിക്കോടിനു 20 മൈൽ റേഡിയസിനകത്തു് കണ്ടുപിടിക്കാനാണു ശ്രമിക്കുന്നതു്.

ശ്രീ. എം. നാരായണക്കുറുപ്പു്: വളരെ പരിശോധനകൾക്കു ശേഷമാണു് പെരുവണ്ണൂർ വിമാനത്താവളത്തിനു പറ്റിയ സ്ഥലമുണ്ടെന്നു ബോദ്ധ്യപ്പെട്ടതു്. അതിനു കൂടുതൽ ചെലവു വരുമെന്നുള്ളതുകൊണ്ടു വേറെ സ്ഥലം അന്വേഷിക്കുകയാണു്. അവസാനം ഈ കോഴിക്കോട്ടു വിമാനത്താവളം ഉണ്ടാക്കുന്നകാര്യം കേരളം അറബിക്കടലിലേക്കു പോകുന്നതുവരെ നീണ്ടുപോകുമോ?

ശ്രീ. പി. പി. ഉമ്മർകോയ: അത്രയും കാലം കാത്തിരിക്കണമെന്നു് തോന്നുന്നില്ല. ഈ ഗവണ്മെൻറല്ലല്ലോ വിമാനത്താവളത്തിന്റെ കാര്യം തീരുമാനിക്കേണ്ടതു്. കേന്ദ്ര ഗവണ്മെൻറാണല്ലോ. അവരുടെ ഉദ്യോഗസ്ഥന്മാർ ചില സ്ഥലങ്ങളും പരിശോധിച്ചു. പെരുവണ്ണൂർ പരിശോധിച്ചു സൂട്ടബിളാണെന്നു കണ്ടു. എന്നാൽ അതിന്റെ കാസ്റ്റു് ഏകദേശം ഒരു കോടി രൂപയോളം വരും. അങ്ങനെ ഒരു കോടി രൂപ ചെലവു ചെയ്തു ഒരു വിമാനത്താവളം നിർമ്മിക്കാൻ അവർ ഇപ്പോഴും തയ്യാറാണെന്നു തോന്നുന്നില്ല. അതുകൊണ്ടു ചെലവു കുറഞ്ഞ വേറെ ഒരു സ്ഥലം ഈ ആവശ്യത്തിനുവേണ്ടി കണ്ടുപിടിക്കാൻ കഴിയുമോ എന്നു പരിശോധിക്കുന്നതിനാണു അവരുടെ ഒരുദ്യോഗസ്ഥൻ വീണ്ടും ഇവിടെ വരുന്നതു്.

ശ്രീമതി ഓ. ടി. ശാരദാകൃഷ്ണൻ : ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞ കാര്യങ്ങൾക്കുശേഷം അവിടെ ചില സംഘർഷികാസങ്ങളും ഉണ്ടായിട്ടുണ്ടു്. ഈ മാർച്ചു് 11-നു കേരള ഫ്ളൈയിംഗു് ക്ലബ്ബു് പ്രസിഡണ്ടു് ശ്രീ. ഗോദവർമ്മ രാജായും ഫ്ളൈയിംഗു് ആഫീസർ ശ്രീ. കൃഷ്ണനും കൂടി കോഴിക്കോട്ടുള്ള ചേളാരി എന്ന സ്ഥലത്തു പോയി, ആ സ്ഥലത്തു അന്വേഷണം നടത്തുകയും എല്ലാ സ്ഥലങ്ങളേക്കാളും ചേളാരി വിമാനത്താവളത്തിനു സാദ്ധ്യതയില്ലെന്നു പറഞ്ഞ ആ സ്ഥലം തന്നെ അതിനു പറ്റിയതാണെന്നു പറഞ്ഞതായും പത്രത്തിൽ ഒരു വാർത്ത കാണുകയുണ്ടായി. അതേപ്പറ്റി എന്താണു ഗവണ്മെൻറിന്റെ അഭിപ്രായം?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. പി. ഉമ്മർകോയ : കേന്ദ്ര ഗവണ്മെൻറിൻെറ ഉദ്യോഗസ്ഥന്മാരാണ് ചേളാരി വിമാനത്താവളം നിർമ്മിക്കുന്നതിനു പറ്റിയ സ്ഥലമല്ലെന്നു പറഞ്ഞത്. കേരള ഫ്ളൈയിംഗ് ക്ലബ്ബ് പ്രസിഡണ്ട് ശ്രീ. ഗോദവർമ്മരാജായും ക്ലബ്ബിൻെറ ചീഫ് ഇൻസ്ട്രക്ടറായ മി. കൃഷ്ണനും ഈ അവരുടെ വകയായിട്ടുള്ള വിമാനത്തിൽ ചേളാരിയിൽ അടുത്ത ദിവസം പൊന്നിറങ്ങുകയുണ്ടായി. അവർ ആ സ്ഥലങ്ങളിൽ ഒരു വ്യോമനിരീക്ഷണം നടത്തി. അവർ മടങ്ങിവന്നുകൊണ്ടു റിപ്പോർട്ട് ചെയ്തിരിക്കുന്നതു ചേളാരിയിൽത്തന്നെ വിമാനത്താവളമുണ്ടാക്കുന്നതിനു കൂടുതൽ സൗകര്യമുണ്ടാക്കാൻ സാധിക്കുമെന്നാണ്. അതായതു്, ചേളാരിയിൽ ഇപ്പോഴുള്ള എയർസ്ട്രിപ്പ് കൂടുതൽ വികസിപ്പിക്കുന്നതിനു സൗകര്യമില്ല. അവിടെയുള്ള ഒരു കുന്നു് ഇടിച്ചുതാഴ്ത്തി നിരപ്പാക്കുകയാണെങ്കിൽ ആവശ്യമുള്ളത്ര സ്ഥലം അവിടെ കിട്ടാൻ സാധിക്കുമെന്നാണു്. ഇക്കാര്യങ്ങളും അവർ നിരീക്ഷണം നടത്തിയതിനുശേഷം റിപ്പോർട്ട് ചെയ്തിട്ടുണ്ടു്. അങ്ങനെ സാധിക്കുമോ എന്നു പരിശോധിക്കുന്നതിനും സാധിക്കുകയാണെങ്കിൽ എത്ര ചെലവുവരുമെന്നും ഉള്ള വിവരങ്ങളും അവിടത്തെ എഞ്ചിനീയറന്മാരോടു് ആവശ്യപ്പെട്ടിരിക്കുകയാണു്. കേന്ദ്ര ഗവണ്മെൻറിൻെറ ഉദ്യോഗസ്ഥൻ വരുമ്പോൾ ഈ വിവരങ്ങളും അവരേയും അറിയിക്കും.

മിൽക്കു് സപ്ലൈ സ്കീമുകൾ

* 738. [14] ശ്രീ. എം. സി. എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ക്ഷീരവികസനമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സംസ്ഥാനത്തു് എത്ര മിൽക്കു് സപ്ലൈ സ്കീമുകൾ പ്രവർത്തിക്കുന്നുണ്ടു് ;

(ബി) അവ എവിടെയെല്ലാം;

(സി) ടി സ്കീമുകൾകൊണ്ടു് ആളുകൾക്കു ലഭിക്കുന്ന പ്രയോജനങ്ങൾ എന്തെല്ലാം ?

ക്ഷീരവികസനമന്ത്രി (ശ്രീ. ഈ. പി. പൗലോസു്) :

(എ) ഒന്നു്

(ബി) തിരുവനന്തപുരത്തു്.

(സി) ശുദ്ധമായ പാലും, പാൽ വിവേങ്ങളും ന്യായ വിലയ്ക്കു ഉപഭോക്താക്കൾക്കു ലഭിക്കുന്നതു കൂടാതെ, ക്ഷീരോല്പാദകർക്കു് ഒരു സ്ഥിരമായ വിപണിയും ലഭിക്കുന്നു. പൊതുജനങ്ങളിൽ പാലിൻെറ ഉപയോഗം ഉയർത്തുന്നതിനും തന്മൂലം പൊതുജനാരോഗ്യം വർദ്ധിപ്പിക്കുന്നതിനും ഈ സ്കീം പ്രയോജനപ്പെടുന്നു.

ശ്രീ. എം. സി. എബ്രഹാം : ഈ മാതിരി സ്കീം മറ്റു പട്ടണങ്ങളിലേക്കു വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. ഈ. പി. പൗലോസു് : കോട്ടയം, എറണാകുളം, പാലക്കാടു് കോഴിക്കോടു് എന്നീ സ്ഥലങ്ങളിലേക്കു വ്യാപിപ്പിക്കുന്നുണ്ടു്.

ശ്രീ. കെ. എം. ജോർജ്ജു് : എറണാകുളത്തു് ആവശ്യമായ പാൽ വിതരണം ചെയ്യുന്നതിൻെറ പ്രാരംഭമായി മിൽക്കു കളക്ടു ചെയ്യുന്നതിനുള്ള ഒരു പരിപാടി ഉടനെ ആരംഭിക്കുമെന്നു ബഹുമാനപ്പെട്ട മന്ത്രി മുൻപു പറഞ്ഞിട്ടുണ്ടു്. അതിൻെറ പ്രവർത്തനം എത്രത്തോളം പുരോഗമിച്ചിട്ടുണ്ടു് ?

ശ്രീ. ഈ. പി. പൗലോസു് . അതിനുവേണ്ട ലാൻഡു് അക്വിസിഷൻ കഴിഞ്ഞു. കെട്ടിടം പണി നടന്നുകൊണ്ടിരിക്കുകയാണു്. പണി തീർന്നാൽ ആവശ്യമുള്ള എക്വിപ്മെൻറു വാങ്ങണം.

LIBRARY ARCHIVES Kerala Legislative Assembly